**15 -ാം കേരള നിയമസഭ**

**3 -ാം സമ്മേളനം**

**നക്ഷത്ര ചിഹ്നം ഇല്ലാത്ത ചോദ്യം നം. 5296** **02-11-2021 - ൽ മറുപടിയ്ക്ക്**

**അവശ കായികതാരങ്ങൾക്കുള്ള പെൻഷൻ**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| ശ്രീ. ടി. പി .രാമകൃഷ്ണൻ,<br>ശ്രീ എം നൗഷാദ് ,<br>ശ്രീമതി ഒ എസ് അംബിക,<br>ശ്രീ. എൻ.കെ. അക്ബർ | | Shri.V. Abdurahiman<br>(കായികം, വഖഫ്, ഹജ് തീർത്ഥാടന വകുപ്പ് മന്ത്രി) | |
| (എ) | സംസ്ഥാനത്ത് അവശ കായികതാരങ്ങൾക്ക് നൽകി വരുന്ന പെൻഷൻ നിലവിൽ എത്ര രൂപയാണ്; | (എ) | സംസ്ഥാനത്ത് അവശ കായികതാരങ്ങൾക്ക് നിലവിൽ പ്രതിമാസം 1300/-രൂപയാണ് പെൻഷനായി നൽകി വരുന്നത്. എന്നാൽ 55 വയസ്സിനും 60 വയസ്സിനും ഇടയിലുള്ള അവശ കായികതാരങ്ങൾക്ക് പഴയ നിരക്കായ 600/-യാണ് പ്രാബല്യത്തിലുള്ളത്. |
| (ബി) | ഈ സർക്കാർ അധികാരത്തിൽ വന്നശേഷം പെൻഷൻ തുക വർദ്ധിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര രൂപ വർദ്ധിപ്പിച്ചുവെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ പെൻഷൻ തുക വർദ്ധിപ്പിക്കുവാൻ നടപടി സ്വീകരിക്കുമോ; | (ബി) | ഉണ്ട്. ആയതിന്റെ വിശദാംശം അനുബന്ധമായി ഉൾക്കൊള്ളിച്ചിട്ടുണ്ട്. |
| (സി) | പെൻഷന് അർഹതയുള്ള കായിക താരങ്ങുടെ കുടുംബ വാർഷിക വരുമാന പരിധി നിശ്ചയിച്ചിട്ടുണ്ടോ; എങ്കിൽ എത്രയെന്ന് വ്യക്തമാക്കാമോ; | (സി) | ഉണ്ട്. പെൻഷന് അർഹതയുള്ള കായിക താരങ്ങളുടെ കുടുംബ വാർഷിക വരുമാന പരിധി 1,00,000/-രൂപയായി വർദ്ധിപ്പിച്ചിട്ടുണ്ട്. |
| (ഡി) | സംസ്ഥാനത്ത് എത്ര പേർ നിലവിൽ അവശ കായികതാര പെൻഷൻ വാങ്ങിക്കുന്നുണ്ടെന്ന് വ്യക്തമാക്കുമോ; | (ഡി) | നിലവിൽ 80 പേർക്ക് അവശ കായികതാര പെൻഷൻ നൽകി വരുന്നുണ്ട്. |
| (ഇ) | പുതുതായി എത്രപേർ പെൻഷന് അപേക്ഷ സമർപ്പിച്ചിട്ടുണ്ട്; പെൻഷൻ ലഭിക്കുവാനുള്ള മാനദണ്ഡങ്ങൾ എന്തൊക്കെയാണ്; വിശദമാക്കുമോ? | (ഇ) | അവശ കായികതാരങ്ങൾക്കു വേണ്ടി പുതിയതായി അപേക്ഷ ക്ഷണിച്ചിട്ടില്ല. 2010-11ലാണ് അവശ കായികതാര പെൻഷനുവേണ്ടി അവസാനമായി അപേക്ഷ ക്ഷണിച്ചിട്ടുള്ളത്. പ്രസ്തുത പെൻഷനുവേണ്ടി പുതിയതായി അപേക്ഷ ക്ഷണിക്കുന്നതിനുള്ള നടപടികൾ സ്വീകരിച്ചു വരുന്നു. അവശ കായികതാര പെൻഷൻ ലഭിക്കുന്നതിനുള്ള മാനദണ്ഡങ്ങൾ ചുവടെ ചേർക്കുന്നു. 60 വയസ്സോ അതിൽ കൂടുതലോ പ്രായമുള്ളവരും പ്രതിവർഷം 1,00,000/-ന് താഴെ വരുമാനമുള്ളവരും, കായികരംഗത്തു താഴെപറയുന്ന യോഗ്യതകൾ ഉള്ളവരെയുമാണ് അവശ കായിക |

| | | | |
|---|---|---|---|
| | | | താര പെൻഷനു വേണ്ടി പരിഗണിക്കുന്നത്. 1) 65 വയസ്സും അതിനുമുകിളും പ്രായമുള്ളവർ (അന്തർജില്ലാ/സംസ്ഥാന തല സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുത്തിരിക്കണം) 2) 60 വയസ്സും അതിനുമുകളിലും പ്രായമുള്ളവർ (അന്തർജില്ലാ/ സംസ്ഥാനതല സ്പോർട്സ് മത്സരങ്ങളിൽ പങ്കെടുത്ത് ഒന്നോ രണ്ടോ മൂന്നോ സ്ഥാനങ്ങൾ നേടിയിരിക്കണം) 3) കളരിപ്പയറ്റ്/അഭ്യാസികൾ (അന്തർ ജില്ലാ/സംസ്ഥാന മത്സരങ്ങളിൽ പങ്കെടുത്തിരിക്കണം) പുതുക്കിയ ഉത്തരവ് പ്രകാരം അവശ കായിക താരങ്ങളുടെ ഏറ്റവും കുറഞ്ഞ പ്രായപരിധി 60 വയസ്സായി നിജപ്പെടുത്തിയിട്ടുണ്ട്. |

സെക്ഷൻ ഓഫീസർ

# <u>അനുബന്ധം</u>

| ക്രമ നം | കാറ്റഗറി | നിലവിലുണ്ടായിരുന്ന പെൻഷൻ നിരക്ക് | വർദ്ധിപ്പിച്ച പെൻഷൻ നിരക്ക് |
|---|---|---|---|
| 1 | 70 വയസ്സിനുമേൽ പ്രായമുള്ള അവശത അനുഭവിക്കുന്ന കായികതാരങ്ങൾ | 1100/-രൂപ | 1300/-രൂപ |
| 2 | 60 വയസ്സിനു മുകളിൽ 70 വയസ്സുവരെ പ്രായമുള്ള അവശത അനുഭവിക്കുന്ന കായികതാരങ്ങൾ | 850/-രൂപ | 1300/- |
| 3 | 55 വയസ്സിനു മുകളിൽ 60 വയസ്സുവരെ പ്രായമുള്ള അവശകായികതാരങ്ങൾ | 600/-രൂപ | മാറ്റമില്ല |

S.O